**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4736** **02-07-2024 - ൽ മറുപടിയ്ക്ക്**

**അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം നൗഷാദ് | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) |

**ചോദ്യം (എ)** സംസ്ഥാനത്ത് എത്ര അലങ്കാര മത്സ്യകൃഷി യൂണിറ്റുകളാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതെന്ന് അറിയിക്കുമോ;

**ഉത്തരം (എ)** സംസ്ഥാനത്ത് 632 അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നു. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | മത്സ്യകൃഷി യൂണിറ്റുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 79 |
| 2 | കൊല്ലം | 73 |
| 3 | ആലപ്പുഴ | 54 |
| 4 | പത്തനംതിട്ട | 32 |
| 5 | കോട്ടയം | 21 |
| 6 | എറണാകുളം | 45 |
| 7 | തൃശ്ശൂർ | 187 |
| 8 | പാലക്കാട് | 27 |
| 9 | ഇടുക്കി | 10 |
| 10 | മലപ്പുറം | 44 |
| 11 | കോഴിക്കോട് | 42 |
| 12 | വയനാട് | 4 |
| 13 | കണ്ണൂർ | 10 |
| 14 | കാസർഗോഡ് | 4 |
| | ആകെ | 632 |

**ചോദ്യം (ബി)** പ്രസ്തുത യൂണിറ്റുകൾ കൃത്യമായി ലൈസൻസ് പുതുക്കാറുണ്ടോ; വിശദമാക്കുമോ;

**ഉത്തരം (ബി)** സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അലങ്കാര മത്സ്യയൂണിറ്റുകൾക്ക് നിയമ പ്രകാരം മേഖല ജോയിൻറ് ഡയറക്ടർമാർ മുഖേന ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസ് നൽകുകയും ആയത്

വാർഷികാടിസ്ഥാനത്തിൽ പുതുക്കുകയും ചെയ്യുന്നു. നിലവിലുള്ള മത്സ്യ വിത്ത് നിയമ പ്രകാരം ഓരോ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ ലൈസൻസ് പുതുക്കേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷം (2024-2025) നാളിതുവരെ 107 യൂണിറ്റുകൾ ലൈസൻസ് പുതുക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.ശേഷിക്കുന്ന യൂണിറ്റുകളുടെ ലൈസൻസ് പുതുക്കൽ നടപടികൾ ജില്ലാടിസ്ഥാനത്തിൽ പുരോഗമിക്കുന്നു.

| ക്രമ നം. | ജില്ല | മത്സ്യകൃഷി യൂണിറ്റുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 7 |
| 3 | ആലപ്പുഴ | 14 |
| 4 | പത്തനംതിട്ട | 8 |
| 5 | കോട്ടയം | 6 |
| 6 | എറണാകുളം | 4 |
| 7 | തൃശ്ശൂർ | 32 |
| 8 | പാലക്കാട് | 1 |
| 9 | ഇടുക്കി | 2 |
| 10 | മലപ്പുറം | 3 |
| 11 | കോഴിക്കോട് | 11 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 3 |
| 14 | കാസർഗോഡ് | 0 |
| | **ആകെ** | **107** |

(സി) മത്സ്യഫാമുകളുടെയും ഹാച്ചറികളുടെയും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയെക്കുറിച്ച് കർഷകർക്ക് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ;

(സി) കേരള മത്സ്യവിത്ത് നിയമത്തിന്റെ വിവിധ വകുപ്പുകളെ സംബന്ധിച്ച് കർഷകർക്ക് അവബോധം (അറിയിപ്പ്) നൽകുന്നതിനായി സംസ്ഥാനത്തുടനീളം ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാന മത്സ്യവിത്ത് കേന്ദ്രം നടത്തിയിട്ടുണ്ട്. കൂടാതെ ജില്ലകൾ കേന്ദ്രീകരിച്ച് തുടർ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യൂണിറ്റുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ഡി) മത്സ്യവിത്തു നിയമത്തിന്റെ നടത്തിപ്പിനായി രൂപീകരിച്ച മത്സ്യ വിത്ത് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശോധനകൾ നടത്തി നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു Central Inspection cum seed analysis squad രൂപീകരിക്കുകയും ആയത് ജില്ലകളിൽ

| | | | |
|---|---|---|---|
| | | | ആവശ്യമായ പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മത്സ്യവിത്ത് നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് എതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. ജില്ലാടിസ്ഥാനത്തിൽ സീഡ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ തുടർച്ചയായ പരിശോധനകളിലൂടെ മത്സ്യവിത്ത് നിയമ വ്യവസ്ഥകൾക്ക് അനുസൃതമായി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. രജിസ്ട്രേഷൻ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കെതിരെ വിവിധ പരിശോധനകളിലൂടെ ഇതിനോടകം പിഴ ഇനത്തിൽ നാളിതുവരെ 6,69,900/-രൂപ (ആറ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി തൊള്ളായിരം രൂപാ മാത്രം) ഈടാക്കിയിട്ടുണ്ട്.<br><br>ജില്ലാടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളുടെയും, സ്വീകരിച്ച നിയമ നടപടികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ജില്ലാടിസ്ഥാനത്തിൽ നടത്തിയ പരിശോധനകളുടെയും സ്വീകരിച്ച നിയമനടപടികളുടെയും വിവരം

| ക്രമ നമ്പർ | ജില്ല | നടത്തിയ പരിശോധന | സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | തിരുവനന്തപുരം | 27 | പിഴ ഇനത്തിൽ 94,400/- രൂപ ഈടാക്കിയിട്ടുണ്ട് |
| 2. | കൊല്ലം | 27 | പിഴ ഇനത്തിൽ 70,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 3. | ആലപ്പുഴ | 53 | പിഴ ഇനത്തിൽ 1,08,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 4. | പത്തനംതിട്ട | 54 | പിഴ ഇനത്തിൽ 10,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 5. | കോട്ടയം | 22 | പിഴ ഇനത്തിൽ 5,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 6. | എറണാകുളം | 16 | പിഴ ഇനത്തിൽ 1,37,500/- രൂപ ഈടാക്കിയിട്ടുണ്ട് |
| 7. | തൃശ്ശൂർ | 52 | പിഴ ഇനത്തിൽ 15,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 8. | പാലക്കാട് | 17 | പിഴ ഇനത്തിൽ 35,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 9. | ഇടുക്കി | 51 | - |
| 10. | മലപ്പുറം | 13 | പിഴ ഇനത്തിൽ 1,05,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 11. | കോഴിക്കോട് | 18 | പിഴ ഇനത്തിൽ 65,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 12. | വയനാട് | 34 | - |
| 13. | കണ്ണൂർ | 19 | പിഴ ഇനത്തിൽ 25,000/- രൂപ ഈടാക്കിയിട്ടുണ്ട് |
| 14. | കാസർഗോഡ് | 29 | - |
| | | ആകെ | **6,69,900/- രൂപ** |

Schitha

**സെക്ഷൻ ഓഫീസർ**